**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2074** **21-06-2024 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം രാജഗോപാലൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) വികസനത്തിന്റെ ഭാഗമായ പുനരധിവാസ പാക്കേജിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ വർക്കല ഭാഗത്ത് 316 പേർക്ക് പുനരധിവാസ പാക്കേജ് തുകയായ 11 ലക്ഷം രൂപ വീതവും, ഇതിലുൾപ്പെട്ട 145 കുടുംബങ്ങൾക്ക് ബിൽഡിംഗ് വാല്യൂവേഷൻ ഒന്നാം ഗഡു തുകയും നല്കിയിട്ടുണ്ട്. കഠിനംകുളം ഭാഗത്ത് 110 പേർക്ക് പുനരധിവാസ പാക്കേജ് തുകയായ 11 ലക്ഷം വീതവും ഇതിലുൾപ്പെട്ട 67 കുടുംബങ്ങൾക്ക് ബിൽഡിംഗ് വാല്യൂവേഷൻ ഒന്നാം ഗഡു തുകയും നൽകിയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിലെ 12 കുടുംബങ്ങൾക്ക് പുനരധിവാസ പാക്കേജ് തുകയായ 11 ലക്ഷം രൂപ വീതം കൈമാറിയിട്ടുണ്ട്. |
| (ബി) | ദേശീയ ജലപാതയുടെയും അനുബന്ധ ജലപാതയുടെയും വികസനത്തിനായി എവിടെയെല്ലാമാണ് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് പഞ്ചായത്തിൽ കടകം, തെക്കേ അരയതുരുത്ത്, വടക്കേ അരയതുരുത്ത് എന്നീ ഭാഗങ്ങളിൽ അപ്രോച്ച് റോഡോടു കൂടിയ പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. കനാൽ വികസനത്തിനായി വർക്കല ഭാഗത്ത് കനാൽ തീരത്ത് പട്ടയമുള്ള ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോവളം മുതൽ കഠിനംകുളം വരെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി നടന്നുവരുന്നു. കോഴിക്കോട് ജില്ലയിൽ പശ്ചിമതീര കനാലിന്റെ ഭാഗമായ വടകര – മാഹി കനാലിന്റെ ഒന്നാം റീച്ചിലും, അഞ്ചാം റീച്ചിലും ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ അഞ്ചരക്കണ്ടി പുഴ മുതൽ വളപട്ടണം പുഴ വരെയും കുയ്യാലി മുതൽ മണ്ണയാട് വരെയുമുള്ള ഭാഗത്ത് ഭൂമി ഏറ്റെടുക്കൽ പ്രാഥമിക ഘട്ടത്തിലാണ്. കാസറഗോഡ് ജില്ലയിൽ നീലേശ്വരം (കോട്ടപ്പുറം) - ബേക്കൽ ജലപാത വികസനത്തിന്റെ ഭാഗമായി 6.65 കി.മീ. കൃത്രിമ |

| | | | |
|---|---|---|---|
| | | | കനാൽ നിർമ്മിക്കുന്നതിന് 105.90 ഏക്കർ സ്ഥലവും നമ്പ്യാർക്കല്ലിൽ ഡൈവേർഷൻ കനാൽ നിർമ്മിക്കുന്നതിന് 3.23 ഏക്കർ സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായി KIIFBൽ നിന്നും 178.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട്, ഹോസ്ദുർഗ്ഗ്, അജാനൂർ, ബല്ല എന്നീ വില്ലേജുകളിലായി സ്ഥലം ഏറ്റെടുക്കേണ്ടതിൽ ബല്ല ഒഴികെയുള്ള വില്ലേജുകളിൽ 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | ഓരോ റീച്ചിലും ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് പഞ്ചായത്തിൽ അപ്രോച്ച് റോഡോടു കൂടിയ പാലം നിർമ്മാണത്തിനായി കടകം ഭാഗത്ത് ഏകദേശം 0.156 ഹെക്ടർ തെക്കേ അരയതുരുത്ത്, ഏകദേശം 0.161 ഹെക്ടർ വടക്കേ അരയതുരുത്ത് ഏകദേശം 0.1351 ഹെക്ടർ എന്നിങ്ങനെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. വർക്കല ഭാഗത്ത് കനാൽ തീരത്ത് പട്ടയമുള്ള ഭൂമികളുടെ ലിസ്റ്റ് തയ്യാറാക്കി വരുന്നു, ആയത് പൂർത്തീകരിച്ചാൽ മാത്രമേ ടി ഭാഗത്തെ വിസ്തീർണ്ണം അറിയുവാൻ സാധിക്കുകയുള്ളു. കോഴിക്കോട് ജില്ലയിൽ വടകര – മാഹി കനാലിന്റെ ഒന്നാം റീച്ചിൽ 20.81 ഏക്കറും അഞ്ചാം റീച്ചിൽ 34.99 ഏക്കറും കാസറഗോഡ് ജില്ലയിൽ നീലേശ്വരം ബേക്കൽ ജലപാതയിൽ 109.13 ഏക്കർ സ്ഥലവും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. |
| (ഡി) | എവിടെയെല്ലാമാണ് നടപ്പാത നിർമ്മാണം, സൗന്ദര്യവൽക്കരണം, ലാൻഡ് സ്കേപ്പിംഗ് അടക്കമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | തിരുവനന്തപുരം ജില്ലയിൽ അഞ്ചുതെങ്ങ് പഞ്ചായത്തിലെ കായിക്കരകടവ്, വക്കം പഞ്ചായത്തിലെ പണയിൽകടവ്, ചെറുന്നിയൂർ പഞ്ചായത്തിലെ പുത്തൻകടവ്, കഠിനംകുളം പഞ്ചായത്തിലെ കഠിനംകുളം കടവ് എന്നീ ഭാഗങ്ങളിൽ ബോട്ടുജെട്ടിയും അതിനോടനുബന്ധിച്ച് സൗന്ദര്യവൽക്കരണവും പ്രവൃത്തികൾ നടന്നുവരികയാണ്. തിരുവനന്തപുരം ഭാഗത്ത് കഠിനംകുളം കായൽ മുഖത്ത് ബോട്ടുജെട്ടി നിർമ്മാണം, നടപ്പാത നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്ന മുറയ്ക്ക് സൗന്ദര്യവൽക്കരണം, കനാൽ ലാന്റ് സ്കേപ്പിംഗ് എന്നിവയ്ക്കുള്ള സ്ഥലങ്ങൾ നിശ്ചയിക്കുന്നതാണ്.<br><br>വർക്കലയിൽ അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാതനിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ്സ്കേപ്പിംഗ് പ്രവൃത്തികൾക്ക് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ദേശീയ ജലപാത വികസനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉതകുന്ന തരത്തിൽ രൂപപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഉൾനാടൻ ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിക്കുക എന്നതിനൊപ്പം സംസ്ഥാനത്തെ ടൂറിസം വികസനം കൂടി സാധ്യമാകുന്ന രീതിയിലാണ് നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ